# അമ്മ ടീച്ചറായി, അച്ഛൻ പ്രിൻസിപ്പലും

## വീട്ടിലിരുന്ന് പഠിച്ച രണ്ട് മലയാളി സഹോദരിമാർക്ക് യുഎസ് പ്രസിഡന്റ് അവാർഡ്

**സീമ മോഹൻലാൽ**

**കൊച്ചി:** ദുബായിലെ വീട്ടിലെ ഒരു മുറിയിൽ മൂന്ന് ഡിവിഷനുകൾ. രാവിലെ ഒമ്പതിന് വിദ്യാർഥികളായി എത്തുന്ന സ്റ്റെഫിനി ഡാനിയേൽ തോമസ്, ഡൊറത്തി ജെയിൻ തോമസ്, ഡേറിയൻ എൽസ തോമസ്...

ഇവരുടെ അധ്യാപികയായി എത്തുന്ന അമ്മ രേഖാ തോമസ്. ഓരോ പിരീഡും കഴിഞ്ഞ് കൃത്യമായ ഇടവേളകൾ നൽകി വൈകിട്ടുവരെ നീളുന്ന പഠനം. സ്കൂളിലേതുപോലെയുള്ള പരീക്ഷാ നടത്തിപ്പ്. അതിനുശേഷം പ്രിൻസിപ്പലിന്റെ സ്ഥാനത്തുള്ള പിതാവ് ആശിഷ് തോമസിനെ ഉത്തരക്കടലാസുകൾ കാണിക്കൽ... സ്കൂളിലെ അധ്യാപകരിൽനിന്ന് മക്കൾ നേരിട്ട ദുരനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് സ്വന്തം മക്കളെ സ്കൂളിലേതിനെക്കാൾ മികച്ച രീതിയിൽ പഠിപ്പിക്കാൻ തയാറായി രേഖ തോമസ് എന്ന അമ്മ മുന്നിട്ടിറങ്ങിയത്. ഹോം സ്കൂൾ എന്ന ആശയത്തിന് അത്ര പ്രചാരമില്ലാത്ത 2005 കാലഘട്ടത്തിൽ ഈ കുടുംബം എടുത്ത തീരുമാനം ശരിയായിരുന്നുവെന്ന് വർഷങ്ങൾക്കിപ്പുറം ആ മക്കൾ തെളിയിച്ചിരിക്കുകയാണ്. ഉന്നത വിജയം നേടി യുഎസ് പ്രസിഡന്റിന്റെ അവാർഡാണ് ഇരുവരും കരസ്ഥമാക്കിയത്.



ഡേറിയൻ എൽസ തോമസ്, സ്റ്റെഫിനി ഡാനിയേൽ തോമസ്, ഡൊറത്തി ജെയിൻ തോമസ് എന്നിവർ മാതാപിതാക്കളായ രേഖ തോമസിനും ആശിഷ് തോമസിനുമൊപ്പം.

### മക്കളെ ചേർത്തത് ദുബായിലെ മികച്ച സ്കൂളിൽ

ബിസിനസുകാരനായ തിരുവനന്തപുരം വെള്ളയമ്പലം സ്വദേശിയായ ആശിഷ് തോമസ് കഴിഞ്ഞ 38 വർഷമായി ദുബായിൽ ജോലി ചെയ്യുകയാണ്. ആശിഷ്-രേഖ ദമ്പതികൾ തങ്ങളുടെ മൂത്ത പുത്രിമാരായ സ്റ്റെഫിനിയെയും ഡൊറത്തിയെയും ദുബായിലെ മികച്ച സ്കൂളിലാണ് ചേർത്തത്. എല്ലാ കാര്യങ്ങളിലും വളരെ മിടുക്കികളായ മക്കൾ സ്കൂളിൽ പോയിത്തുടങ്ങിയതോടെ ആവശേമെല്ലാം നഷ്ടപ്പെട്ടാണ് ഓരോ ദിവസവും വീട്ടിൽ എത്തിയിരുന്നത്.

തുടർന്നുള്ള ദിവസങ്ങളിൽ പഠനത്തിൽ മാത്രമല്ല എല്ലാ കാര്യത്തിലും കുട്ടികൾ പിന്നോക്കം പോയി. മക്കളിലെ മാറ്റം എന്താണെന്ന് അറിയാതെ വിഷമിച്ച മാതാപിതാക്കളോട് അധ്യാപകർ തങ്ങളോട് വളരെ ക്രൂരമായാണ് പെരുമാറുന്നതെന്നും മറ്റു കുട്ടികൾ ചെയ്ത തെറ്റുകൾക്ക് തങ്ങളെ ശാസിക്കുകയും പരിഹസിക്കുകയും ചെയ്യുമെന്നും മക്കൾ പറഞ്ഞു. ഇനിയും ആ സ്കൂളിലേക്ക് തങ്ങളുടെ മക്കളെ അയച്ചാലുണ്ടാകുന്ന അവസ്ഥ മാതാപിതാക്കളെ പ്രതിസന്ധിയിലാഴ്ത്തി. സൈക്കോളജി ബിരുദധാരിയായ രേഖ മക്കളെ വീട്ടിൽ നന്നായി പഠിപ്പിക്കാൻ തുടങ്ങി. അതോടെ ഇരുവരും ക്ലാസിൽ മികച്ച വിജയം നേടി. കുട്ടികളുടെ നേട്ടത്തിൽ അധ്യാപകരും സ്കൂൾ മാനേജ്മെന്റും അമ്പരന്നു. രേഖയുടെ അധ്യാപന മികവിനെ പ്രകീർത്തിച്ച് അവരെ അവിടെ അധ്യാപികയായി നിയമിക്കാൻ സ്കൂൾ അധികൃതർ തയാറായെങ്കിലും രേഖ സ്നേഹപൂർവം അത് നിരസിച്ചു.



ഡേറിയൻ എൽസ തോമസ്

### ഇനി സ്കൂളിലേക്ക് ഇല്ല

അധ്യാപകരിൽനിന്ന് നേരിടേണ്ടിവന്ന ദുരനുഭവങ്ങളാണ് മക്കളെ ഈ നിലയിൽ എത്തിച്ചതെന്ന് രേഖയ്ക്കും ആശിഷിനും മനസിലായതോടെ കുട്ടികളെ ഇനി സ്കൂളിലേക്ക് അയയ്ക്കേണ്ടെന്ന തീരുമാനത്തിൽ ഇരുവരും എത്തി. കുട്ടികളോടുള്ള അധ്യാപകരുടെ വേർതിരിവും പരസ്യമായി അധിക്ഷേപിക്കലും പ്രാകൃതമായ ശിക്ഷാരീതികളുമാണ് കുട്ടികളുടെ ഭാവി തകർത്തതെന്ന തിരിച്ചറിവാണ് ഈ തീരുമാനത്തിലേക്ക് എത്തിച്ചത്. ആ സമയത്ത് സ്റ്റെഫിനി നാലാം ക്ലാസിലും ഡൊറത്തി രണ്ടാം ക്ലാസിലുമായിരുന്നു. ഡേറിയനെ സ്കൂളിൽ ചേർത്തിരുന്നില്ല.

മക്കളെ സ്കൂളിലേതിനേക്കാൾ മികച്ച രീതിയിൽ പഠിപ്പിക്കാൻ തനിക്ക് കഴിയുമെന്ന് രേഖയ്ക്ക് ഉത്തമ വിശ്വാസം ഉണ്ടായിരുന്നു. പിന്തുണയുമായി ആശിഷ് കൂടെ നിന്നപ്പോൾ വീട്ടിലെ ഒരു മുറി ക്ലാസ് മുറിയാക്കി. ഹോം സ്കൂൾ എന്ന ആശയത്തിന് അത്ര പ്രചാരമില്ലാത്ത 2005 കാലഘട്ടത്തിൽ ആ മാതാപിതാക്കൾ മക്കൾക്കായി ഹോം സ്കൂൾ തുടങ്ങി. പ്ലസ്ടുവരെ മക്കളെ വീട്ടിൽ പഠിപ്പിക്കാമെന്ന ധൈര്യം അവർക്ക് ഉണ്ടായിരുന്നു. ഉന്നത പഠനത്തിന് എന്തു ചെയ്യുമെന്ന അന്വേഷണമാണ് സുഹൃത്തും ശ്രീലങ്കൻ സ്വദേശിയുമായ ഡോ. ലക്ഷ്മൺ മധുരസിംഗയുടെ നിർദേശപ്രകാരം ഹോം സ്കൂളിംഗ് ആശയത്തിൽ എത്തിച്ചത്.

ദക്ഷിണാഫ്രിക്കയിലെ ഹോം സ്കൂൾ സൗകര്യം പ്രയോജനപ്പെടുത്തിയായിരുന്നു തുടക്കം. അഞ്ച്, മൂന്ന്, കെജി ഒന്ന് എന്നിങ്ങനെ ഓരോ ഗ്രേഡിലേക്കും വേണ്ട പുസ്തകങ്ങളും പഠന സാമഗ്രികളും പോസ്റ്റൽ വഴി എത്തിച്ചു. വർഷത്തിൽ രണ്ടു തവണ വീട്ടിൽ തന്നെ പരീക്ഷ നടത്തി റിപ്പോർട്ട് കാർഡ് അയച്ചു കൊടുക്കണമെന്നുമാത്രം. ഇതോടെ വീട്ടിലെ സ്കൂളിൽ രേഖ അധ്യാപികയും ആശിഷ് പ്രിൻസിപ്പലുമായി. സ്കൂളിൽ ഒരു വർഷം നൽകുന്നതിന്റെ 15 ശതമാനം ഫീസ് മാത്രം മതി ഹോംസ്കൂളിന് - രേഖ തോമസ് പറഞ്ഞു. സ്കൂൾ എന്നു കേൾക്കുമ്പോൾ അതുവരെ പേടി കാണിച്ചിരുന്ന മക്കൾ വീട്ടിലെ ക്ലാസ് മുറികളിൽ മിടുക്കികളായി.

### ഒരേ സമയം അമ്മയും അധ്യാപികയും സുഹൃത്തും

സ്കൂളിൽ പോകുന്നില്ലെന്ന് കരുതി കൃത്യനിഷ്ഠയിൽ വിട്ടുവീഴ്ച നൽകാൻ രേഖയെന്ന അധ്യാപിക ഒരുക്കമല്ലായിരുന്നു. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ ആറിന് മക്കളെ വിളിച്ചുണർത്തും. പ്രഭാത കൃത്യങ്ങൾക്കും പ്രാതലിനും ശേഷം സ്കൂളിലേക്കു പോകുന്നതുപോലെ തയാറായി മക്കൾ വീട്ടിലെ ക്ലാസ് മുറിയിലെത്തും. അന്നത്തെ ടൈം ടേബിൾ അധ്യാപികയായ രേഖ മക്കൾക്കു വിവരിച്ചുകൊടുക്കും. ഒരേ ക്ലാസ് മുറിയിൽ വ്യത്യസ്ത ദിശകളിലായി മൂന്നു ഡിവിഷനുകൾ. ഓരോ ഡിവിഷനിലും ഏക വിദ്യാർഥിയും ഏക അധ്യാപികയും. സ്കൂൾ ഭയപ്പെട്ടു തുടങ്ങിയിരുന്ന മൂത്ത രണ്ടു മക്കളും വളരെ ഊർജസ്വലരും സന്തോഷവതികളുമായി കാണപ്പെട്ടു. ഇളയ കുട്ടി ഡേറിയന് എല്ലാം പുതിയ അനുഭവമായിരുന്നു. അങ്ങനെ വീട്ടിലെ ക്ലാസ് മുറിയിൽ അവർ അറിവിന്റെ പുതിയ വാതായനങ്ങൾ തുറന്നു.

സ്കൂൾ വിദ്യാർഥിക്ക് ലഭിക്കുന്ന അതേ സൗകര്യങ്ങൾ തങ്ങളുടെ മക്കൾക്കും വേണമെന്ന നിർബന്ധം ആ മാതാപിതാക്കൾക്ക് ഉണ്ടായിരുന്നു. പഠനത്തിന്റെ ഇടവേളകളിൽ വ്യായാമം, ഫുട്ബോൾ, ഐസ് സ്കേറ്റിംഗ്, എയറോബിക്സ്, ഹോഴ്സ് റൈഡിംഗ്, നീന്തൽ, പെയിന്റിംഗ്, സംഗീതം, ഉപകരണ സംഗീതം തുടങ്ങി ഓരോ ദിവസവും വ്യത്യസ്ത പാഠ്യേതര പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തി. ഒപ്പം മികച്ച മൂല്യങ്ങളും മര്യാദകളും മക്കളെ പഠിപ്പിച്ചു.

ആരോട് എങ്ങനെ പെരുമാറണമെന്ന് പഠിപ്പിക്കാൻ വിവിധ പ്രായത്തിലുള്ളവരുമായി ചങ്ങാത്തവും സഹവാസവും ഉറപ്പാക്കി. ഓരോ രാജ്യത്തെയും സംസ്കാരവും ജീവിത രീതികളും മനസിലാക്കാനായി 70 ഓളം രാജ്യങ്ങളിൽ മക്കളുമായി സന്ദർശനം നടത്തി. അവിടെയെല്ലാം ഇന്നും തുടരുന്ന സുഹൃദ്ബന്ധങ്ങൾ അവർക്കുണ്ട്.

പഠനകാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും രേഖ തയാറായിരുന്നില്ല. നന്നായി പഠിച്ചില്ലെങ്കിൽ ആവർത്തിച്ച് എഴുതിപ്പിച്ചും ചെറിയ ശിക്ഷകൾ നൽകിയും ഒരേ സമയം അധ്യാപിക, അമ്മ, സുഹൃത്ത് തുടങ്ങി വിവിധ റോളിൽ രേഖ തിളങ്ങി. ക്ലാസിൽ കർശനക്കാരിയായ അധ്യാപികയാണെങ്കിലും അമ്മയുടെ സ്നേഹത്തിന് തങ്ങൾക്ക് ഒരിക്കലും കുറവു വന്നിട്ടില്ലെന്ന് സ്റ്റെഫിനിയും ഡൊറത്തിയും ഡേറിയനും പറഞ്ഞു. മക്കൾ പ്രായപൂർത്തിയാകുന്നതുവരെ സമൂഹമാധ്യമങ്ങൾക്കും ഫോൺ ഉപയോഗം, ടിവി കാണൽ എന്നിവയ്ക്കും നിയന്ത്രണം ഏർപ്പെടുത്തി.

### ഹോം സ്കൂൾ യുഎസിലേക്ക്

ഹോം സ്കൂളിൽ പഠിച്ചവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് അമേരിക്കയാണ് നല്ലതെന്ന് അറിഞ്ഞതോടെ ഇവർ ഒൻപതാം ക്ലാസ് മുതൽ തുടർ പഠനം അമേരിക്കൻ സിലബസിലാക്കി. ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ മാത്രം അധ്യാപകരെ വീട്ടിൽ വരുത്തിച്ച് പഠിപ്പിച്ചു. കുട്ടികൾക്ക് പഠിപ്പിക്കാൻ പ്രാപ്തരല്ലെന്നു കണ്ട അധ്യാപകരെ മാറ്റി. അടുത്ത് പഠിച്ചിറങ്ങിയ സുഹൃത്തുക്കളുടെ മക്കളോടു ചോദിച്ച് സംശയനിവാരണം നടത്തി. 12-ാം ക്ലാസ് കഴിഞ്ഞതോടെ ഹോം പഠനത്തിൽനിന്ന് മൂവരും ഹൈബ്രിഡ് ക്ലാസിലേക്കു മാറിയിരുന്നു.

### മിന്നും വിജയം

പരീക്ഷയിൽ മികച്ച മാർക്ക് നേടിയതിന് മുൻ യുഎസ് പ്രസിഡന്റ് ബറാക് ഒബാമയിൽനിന്നും ഇപ്പോഴത്തെ പ്രസിഡന്റ് ജോ ബൈഡനിൽനിന്നും സ്റ്റെഫിനിക്കും ഡേറിയനും അവാർഡ് ലഭിച്ചിട്ടുണ്ട്. ദുബായിൽ ജനിച്ചു വളർന്ന കുട്ടികളിൽ മൂത്തയാളായ സ്റ്റെഫിനി ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം ദുബായിൽ ജോലി ചെയ്യുന്നു. സ്റ്റെഫിനിക്ക് അരിസോണിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും ലിബർട്ടി യൂണിവേഴ്സിറ്റിയിൽ നിന്നും രണ്ടു ബാച്ചിലർ ഡിഗ്രിയും ഹാവാർഡ് യൂണിവേഴ്സിറ്റിയിൽനിന്ന് ഒരു മാസ്റ്റർ ഡിഗ്രിയും ഉണ്ട്.

പെൻസിൽവാനിയ സർവകലാശാലയിൽനിന്ന് മികച്ച സ്കോറോടെ ലീഡർഷിപ്പിൽ ബിരുദാനന്തര ബിരുദം നേടിയ ഡൊറത്തി ഇതേ യൂണിവേഴ്സിറ്റിയിൽ എംഫിലിന് ചേർന്നിരിക്കുകയാണിപ്പോൾ. വിദ്യാഭ്യാസ മികവിന് റിച്ചാർഡ് ജെ. എസ്റ്റസ് ഗ്ലോബൽ സിറ്റിസൺഷിപ്പ് അവാർഡും ഡൊറത്തി നേടി. ഡേറിയൻ പെൻസിൽവാനിയ യൂണിവേഴ്സിറ്റിയിൽ ന്യൂറോ സയൻസിൽ അവസാന വർഷ ബിരുദ വിദ്യാർഥിനിയാണ്.



സ്റ്റെഫിനി ഡാനിയേൽ തോമസ്

13
ജൂൺ 2024 വ്യാഴം
പേജ്: 12
കൊച്ചി
വില: ₹5.00
EKM
RASHTRA DEEPIKA
EVENING DAILY
KOCHI
2024 JUNE 13
THURSDAY
PAGE 12
VOL 32, ISSUE 138

ഒന്നാമത്- പ്രചാരത്തിൽ, വിശ്വാസ്യതയിൽ, ഉള്ളടക്കത്തിൽ
www.rashtradeepika.com

# രാഷ്ട്രദീപിക

തിരുവനന്തപുരം | കൊല്ലം | കോട്ടയം | കൊച്ചി | തൃശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | കണ്ണൂർ



സ്റ്റെഫിൻ ഏബ്രഹാം | ആകാശ് എസ്. നായർ | ഷെമീർ | പി.വി. മുരളീധരൻ | പി. കുഞ്ഞിക്കേളു | കെ.ആർ. രഞ്ജിത് | സാജൻ വർഗീസ് | സാജൻ ജോർജ് | ലൂക്കോസ് | ശ്രീഹരി പ്രദീപ് | വിശ്വാസ് കൃഷ്ണൻ | ബാഹുലേയൻ | തോമസ് സി. ഉമ്മൻ | നൂഹ്

## കുവൈറ്റ് തീപിടിത്തം

# മരിച്ച 49 പേരിൽ 43 ഇന്ത്യക്കാർ

# 15 മലയാളികളെ തിരിച്ചറിഞ്ഞു



കെട്ടിടയുടമയടക്കം രണ്ടു പേർ അറസ്റ്റിൽ

**കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ തിരിച്ചറിയാൻ ഡിഎൻഎ പരിശോധന**

- പരിക്കേറ്റ ഏഴുപേരുടെ നില ഗുരുതരം
- വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ കുവൈറ്റിലേക്ക്
- മൃതദേഹങ്ങൾ എത്തിക്കാൻ വ്യോമസേന വിമാനം പേജ് 03



കുറച്ചു പേർ ഇൻഡസ്ട്രി മോശമാക്കുന്നു: റായ് ലക്ഷ്മി



പൂവ് ചോദിച്ചയാൾക്കു കിട്ടിയ പൂക്കാലം



എന്നെ ഒഴിവാക്കി

പേജ് 11



‘കൊടക്കമ്പി’ ജിമ്മിൽ പോയ കഥ

പേജ് 05

ഹെലികോപ്ടറിൽനിന്നു ചാടുന്ന രംഗം ചിത്രീകരിക്കുന്നതിനിടെ

## നടൻ ജോജു ജോർജിന് പരിക്ക്

പേജ് 04



കേന്ദ്രത്തിൽ ബിജെപിക്കൊപ്പം, കേരളത്തിൽ ഇടതിനൊപ്പം

## കൃഷ്ണൻകുട്ടിക്ക് മന്ത്രിക്കസേര നഷ്ടമായേക്കും

പേജ് 09





- കെ.പി. മോഹനന് സാധ്യത

## ലോറി മുന്നോട്ടുരുണ്ടു; തടയാൻ ചാടിക്കയറുന്നതിനിടെ ഡ്രൈവർക്കു ദാരുണാന്ത്യം

പേജ് 03

## കളമശേരിയിൽ പോത്ത് ബൈക്കിലിടിച്ച് യുവാവ് മരിച്ചു

- കൂടെയുണ്ടായിരുന്ന യുവതിക്ക് പരിക്ക്

പേജ് 04



## പാലാ മാനത്തൂരിൽ ഷോക്കേറ്റ് അധ്യാപകൻ മരിച്ചു

പേജ് 03

# എറണാകുളത്ത് കാർ ബൈക്കിലിടിച്ച് അച്ഛനും 11കാരൻ മകനും മരിച്ചു

പേജ് 04



E2405 530304



E2405 530125